**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3652** **27-06-2024 - ൽ മറുപടിയ്ക്ക്**

**ടെക്നിക്കൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) തസ്തികയിൽ നിന്നും നിയമിക്കേണ്ട ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആൻഡ് ലാംഗ്വേജസ് എന്ന തസ്തികയിലേക്ക് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിലവിൽ 4 സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നത്. അവയിൽ ഇലഞ്ഞി, മുളന്തുരുത്തി എന്നിവിടങ്ങളിലെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ 2 വീതവും അയവന, വാരപ്പെട്ടി എന്നിവിടങ്ങളിലെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഒന്ന് വീതവും ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആൻഡ് ലാംഗ്വേജസ് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇലഞ്ഞി, മുളന്തുരുത്തി എന്നീ സ്ഥാപനങ്ങളിൽ സോഷ്യൽ സയൻസ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലെ ഓരോ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. അതേ സമയം ഒരു തസ്തിക മാത്രം അനുവദിച്ചിട്ടുള്ള അയവന ടെക്നിക്കൽ ഹൈസ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനെയും വാരപ്പെട്ടി ടെക്നിക്കൽ ഹൈസ്കൂളിൽ സോഷ്യൽ സയൻസ് അദ്ധ്യാപകനെയുമാണ് നിയമിച്ചിട്ടുള്ളത്. ടെക്നിക്കൽ സ്കൂളുകളുടെ മീഡിയം ഇംഗ്ലീഷ് ആയതിനാൽ അതിൽ ലാംഗ്വേജ് വിഭാഗത്തിൽ ആണ് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുന്നത്. |
| (ബി) | എങ്കിൽ 13.09.2021 വരെ കാലാവധിയുണ്ടായിരുന്ന എച്ച്.എസ്.എ (സോഷ്യൽ സയൻസ്) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർക്ക് നിയമനം ലഭിക്കാതിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇപ്രകാരം നിയമിതരായ ഇംഗ്ലീഷ് അദ്ധ്യാപകർ നിയമപരമല്ലാതെ കൈപ്പറ്റിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിയമപരമല്ലാതെ ആരെയും നിയമിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ മറ്റ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഇത്തരത്തിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യം സൃഷ്ടിക്കാനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ? | (ഡി) | ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ 17.09.2014 മുതൽ 01.06.2023 വരെ ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തികയിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അദ്ധ്യാപകൻ ജോലി ചെയ്തിരുന്നു. ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗവൺമെന്റ് |

| | | | |
|---|---|---|---|
| | | | ടെക്നിക്കൽ ഹൈസ്കൂളിൽ 2 ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തിക ഉള്ളതിൽ ഒരു തസ്തികയിൽ 02.06.2023 മുതൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അദ്ധ്യാപകൻ ജോലി ചെയ്തു വരുന്നുണ്ട്. കോട്ടയം ജില്ലയിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ സേവനം ചെയ്യുന്ന പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഇംഗ്ലീഷ് അദ്ധ്യാപകരെ ഹൈസ്കൂൾ ടീച്ചർ (എച്ച്.എസ്.റ്റി) ഇംഗ്ലീഷ് എന്ന തസ്തികയിലാണ് നിയമനം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ